# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3333

09/04/2013-ൽ
മറുപടിയ്ക്ക്

**'വോക്ക് വിത്ത് സ്കോളർ പദ്ധതി'**

**ചോദ്യം**

**മറുപടി**

ശ്രീ.ഐ.സി.ബാലകൃഷ്ണൻ :
ശ്രീ.പി.എ.മാധവൻ :
ശ്രീ. എം.പി.വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് :

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ബിരുദ വിദ്യാർത്ഥികളുടെ അഭിരുചി കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുന്നതിനായി 'വോക്ക് വിത്ത് സ്കോളർ' പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. ആർട്സ് & സയൻസ്, കോമേഴ്സ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക വേണ്ട അവശ്യക്രമീകരണങ്ങൾ നൽകി തൊഴിൽ സാദ്ധ്യതയുള്ള മേഖലകൾ കണ്ടെത്തുകയും ഉന്നത വിദ്യാഭ്യാസത്തിനാവശ്യമായ മേഖലകൾ കണ്ടെത്തിക്കൊടുക്കുകയും ചെയ്യുന്നതിലേക്കായിട്ടാണ് വോക്ക് വിത്ത് എ സ്കോളർ എന്ന പദ്ധതി 2012-13 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നത്. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | ആർട്സ് & സയൻസ്, കോമേഴ്സ് ബിരുദതലത്തിലുള്ള വിദ്യാർത്ഥികൾക്ക് വിവിധരീതിയിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്ന പരിപാടികൾ നടപ്പിലാക്കുകയും, അവരെ ഭാവിയിലേക്കുള്ള വാഗ്ദാനങ്ങളാക്കി മാറ്റുകയും, അവർക്ക് വഴികാട്ടിയായി പ്രവർത്തിക്കാൻ ഉപദേഷ്ടാക്കളെ നിയമിച്ച് പരിപാടികൾ നടപ്പിലാക്കുകയുമാണ് ചെയ്തിട്ടുള്ളത്. മാർഗ്ഗനിർദ്ദേശം എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ ഉപദേഷ്ടാവ് ഒരു മാർഗ്ഗദർശിയായും കൂട്ടുകാരനായും പഠിതാക്കൾക്കൊപ്പം പ്രവർത്തിക്കുന്നു. പദ്ധതിയിലുൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഒരു internal mentor -ന്റെയും ഒരു external mentor-ന്റെയും സഹായം ലഭ്യമാകും. |
| (സി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത് ; വിശദമാക്കുമോ ; | (സി) | സംസ്ഥാന, കേന്ദ്ര, പൊതുമേഖലകളിൽ പ്രവർത്തിക്കുന്നവരോ, വ്യവസായ മേഖലകളായ എഞ്ചിനീയറിംഗ്, വൈദ്യശാസ്ത്രം, ആർക്കിടെക്ചർ മേഖലകളിൽ പ്രവർത്തിക്കുന്നവരോ ആയ വ്യക്തികളിൽ നിന്നും ബിരുദമോ ബിരുദാനന്തര ബിരുദമോ ഉള്ളവരെ external mentor ആയി തെരഞ്ഞെടുക്കുന്നു. കുട്ടികളുടെ അഭിരുചിക്കനുസരിച്ച്, യോഗ്യത മാനദണ്ഡമാക്കി, ബാഹ്യോപദേഷ്ടാവിനെ സ്വമേധയാലും സാമൂഹികാടിസ്ഥാനത്തിലും |

| | | | |
|---|---|---|---|
| | | | കണ്ടെത്തുന്നു. കൂടാതെ വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനത്തിലെ അദ്ധ്യാപകനായിരിക്കണം ഇന്റേണൽ മാർഗ്ഗോപദേഷ്ടാവ് എന്നും നിശ്ചയിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം കാര്യങ്ങൾ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (ഡി) | ഒരു കോളേജിൽ നിന്നും 30 വിദ്യാർത്ഥികൾ എന്ന നിലയിൽ, ഏകദേശം 1230 വിദ്യാർത്ഥികൾക്ക്, അവരവരുടെ അഭിരുചിക്കനുസരിച്ച്, യോഗ്യത മാനദണ്ഡമാക്കിയുള്ള ബാഹ്യോപദേഷ്ടാവിന്റെയും ഇന്റേണൽ മാർഗ്ഗോപദേഷ്ടാവിന്റെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. മാർഗ്ഗനിർദ്ദേശം നൽകുക എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ, ഉപദേഷ്ടാവിനെ ഒരു മാർഗ്ഗദർശിയായും കൂട്ടുകാരനായും ഈ പദ്ധതിയിൽ അവതരിപ്പിക്കുന്നു. ഓരോ കോളേജിലും പ്രോഗ്രാം കോർഡിനേറ്റർമാരെ നിയമിക്കുകയും അവരുടെ സഹായത്തോടെ പ്രിൻസിപ്പൽമാർ പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ